
# സെന്റ് ജോർജ് ഹൈസ്കൂൾ

## ചെമ്പന്തൊട്ടി



# കുട്ടികളുടെ ലോകം

---



## ലിറ്റിൽ കൈറ്റ്സ്

## ഡിജിറ്റൽ മാഗസിൻ

## ഇത് ഞങ്ങളുടെ ലോകം.........






സെന്റ് ജോർജ്ജ് ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ്
അംഗങ്ങളായ ഞങ്ങൾ ഏറെ
സന്തോഷവാന്മാരാണ്.മനോഹരമായ ഈ ഐ ടി ലാബ്
ഞങ്ങളുടെ സ്വർഗ്ഗമാണ്.



കുട്ടികളുടെ ലോകം അതിർവരമ്പുകളില്ലാത്ത
വർണ്ണ പ്രപഞ്ചമാണ് .
കുഞ്ഞു മനസ്സുകൾക്ക് ചിറകുകൾ നൽകാം.
അവർ അനന്ത വിഹായസ്സിലേക്ക്
പറന്നുയരട്ടെ....

സെന്റ് ജോർജ്ജ് ഹൈസ്കൂളിലെ എല്ലാ ലിറ്റിൽ
കൈറ്റ്സ് കൂട്ടുകാർക്കും ആശംസകൾ...



**ശ്രീ.ബിജു സി അബ്രാഹം**
**ഹെഡ്മാസ്റ്റർ**
**സെന്റ് ജോർജ് ഹൈസ്കൂൾ**
**ചെമ്പന്തൊട്ടി**

# ലിറ്റിൽ കൈറ്റ്സ്
# ഡിജിറ്റൽ മാഗസിൻ

---

## ചീഫ് എഡിറ്റർ

**ശ്രീ.ബിജു സി അബ്രാഹം** (ഹെഡ്മാസ്റ്റർ)

## സ്റ്റാഫ് എഡിറ്റർ

**ശ്രീമതി.ജ്യോതി എം ജോർജ്** (ബയോളജി അധ്യാപിക)

## സ്റ്റുഡന്റ് എഡിറ്റർ

**മാസ്റ്റർ.വിനായക് ദേവ്** (ലിറ്റിൽ കൈറ്റ്സ്)

## എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

**ശ്രീമതി. നിർമ്മൽ സെബാസ്റ്റ്യൻ** (മലയാളം അധ്യാപിക)

**ശ്രീമതി ഷെറ്റി എം എ** (മലയാളം അധ്യാപിക)

**മാസ്റ്റർ. കാർത്തിക് ദേവ്** (ലിറ്റിൽ കൈറ്റ്സ്)

**കുമാരി.ലക്ഷ്മി ക്രിഷ്ണ** (ലിറ്റിൽ കൈറ്റ്സ്)

**കുമാരി.ശ്രീനന്ദ ടി ആർ** (ലിറ്റിൽ കൈറ്റ്സ്)

**കുമാരി.ഗംഗ സുരേഷ്** (ലിറ്റിൽ കൈറ്റ്സ്)

**കുമാരി.ഡൽന മരിയ സജി** (ലിറ്റിൽ കൈറ്റ്സ്)

**മാസ്റ്റർ.ഷഷാദ് കെ പി** (ലിറ്റിൽ കൈറ്റ്സ്)

**കുമാരി.ഷദ ഷെറിൻ പി കെ**(ലിറ്റിൽ കൈറ്റ്സ്)



# മഴ

കാർമേഘങ്ങളിൽ

നിന്നും കൊഴിഞ്ഞു വീഴും

ഇതളുകളോ നീ ഭൂമിയിൽ

ഹരിതം നിറയ്ക്കും അമൃതൊ

അതോ വർണ്ണശഭളമായ

മഴവില് നിർമ്മിക്കും മാന്ത്രികനോ നീ

നീ നിൻ സൗന്ദര്യത്തിൽ

അലിയുന്നു ഞാൻ എന്നും...

**വിശ്വാസ് പി വിനോദ്**



# നിലാവെ

രാത്രിതൻ രാവിൽ
കറുത്ത പൂവായി വിടരും നിൻ
സൗന്ദര്യം. നക്ഷത്രങ്ങളാകുന്ന
ആഭരണം ധരിച്ച് നിൽക്കും നിൻ
പ്രകൃതിരമണീയത മനംനുകരും.
ആരേയും ആകർഷിക്കുന്നതാണ്
നിൻ മനോഹരമായ കറുപ്പ്.
രാത്രിയിൽ നീ ചെറുവെട്ടമേകി.
കാർമുഖിലിനു പിന്നിൽ നീ
മറഞ്ഞിരിക്കുന്നനേരം ഞാൻ
എവിടെയെല്ലാം തിരഞ്ഞു നിന്നെ.
എന്നാലും തേജസ്വിയായ അരുണൻ
വരും നേരം എവിടെ പോയിമറഞ്ഞിരിപ്പൂ
മനോഹരി നീ.
....................

ആദിനാദ് ഷാനു



# അമ്മതൻനൊമ്പരം

എവിടെന്റെ   മകനേ നീ യാത്രയായി
എവിടേയ്ക്കാണ്   നീ മാഞ്ഞു മറഞ്ഞത്
ഒരു കാന്തത്തിൽ നിന്നും നാണയം
അടർന്നുവീണപോലെവിടെന്റെ   മകനേ
നീ യാത്രയായി.......

**അൽന ജെയിംസ്**

...............



# മിന്നാമിനുങ്ങ്

മൂവന്തി  നേരത്ത്
ഇരുളിന്റെ മറവിൽ
മിന്നിത്തിളങ്ങുകളെ,
കണ്ണിമ ചിമ്മാതെ
കാവലിരിക്കുന്ന
മൂങ്ങച്ചേട്ടൻ കണ്ടിടല്ലേ
മിന്നിത്തിളങ്ങുന്ന
വിളക്കൊന്നു കെട്ടാൽ
ഒറ്റക്കൊത്തിനകത്താക്കും....

ജിതിൻ റിജു




# സ്വപ്നം

അറിവുണർന്ന നാൾമുതൽ ഞാൻ
പണിതുണർത്തിയൊരെൻ സ്വപ്നം
എൻ വളർച്ചയിൽ എൻ ക്രൂടെപ്പിറപ്പുപോൽ
ഞാനറിയാതെൻ ക്രൂടെ വളർന്ന സ്വപ്നം
എന്നിലെ തളിരിനെ വിടർത്തുവാൻ
ഉന്മേഷമായൊരെൻ സ്വപ്നം
എന്നുമെൻ ചിത്തത്തിന്നൂർജ്ജം പകർന്നിടും
എന്നെ വളർത്തുമെൻ സ്വപ്നം
*എങ്കിലും സ്വപ്നമേ നീ എന്നെനിക്ക് സ്വന്തമാവും ...*

..................................

*അനന്തന*



# *സൂര്യകിരണ രാത്രി*

സന്ധ്യാസമയം അണയും സൂര്യൻ
നീ അണയും ആ രാത്രി പൂക്കളും
പുഴുക്കളും മറയുന്ന രാത്രി നക്ഷത്രങ്ങൾ
നിറഞ്ഞ് നിലാവെളിച്ചം നിറഞ്ഞ ആ രാത്രി

സൂര്യകിരണം ഉദിക്കുമ്പോൾ പൂക്കളും
പുഴുക്കളും ഉണരുന്ന മേഘങ്ങൾ നിറഞ്ഞ
ആകാശത്തിൻ പറവകൾ
പാറിനടക്കും കുരുവികൾ
സന്ധ്യാസമയം സംഗീതത്താൽ
*അണയുകയാണ് സൂര്യൻ*

***അൻഷാദ് കെ പി***

------------------



# പ്രതീക്ഷ

സൂര്യകിരണങ്ങളെൻ മിഴിയിണതഴുകിയുണർത്തുമ്പോൾ
ചിത്തത്തെത്തഴുകുന്നയെൻ പ്രത്യാശാകിരണങ്ങളേ
നിങ്ങളെൻ മോഹസങ്കൽപ്പങ്ങളെ തൊട്ടുണർത്തുന്നു
സകലജീവജന്തുക്കളേയും നിയന്ത്രിക്കുന്ന
സർവേശ്വരാ വിശ്വാസമാണു നീ
ഇന്നെൻ ദിനത്തെ വർണ്ണശബളമാക്കുമെന്ന
മോഹത്താൽ ചലിക്കുന്നു ഞാൻ
തമസ്സകറ്റി പ്രകാശപൂരിതമാക്കുമെന്ന
വിശ്വാസത്താൽ ചലിക്കുന്നു ഞാൻ
നാളെയെൻ മിഴിയിണൾ തഴുകിയുണർത്തുമോയെന്ന
*ചോദ്യമാകുന്ന പ്രതീക്ഷ......*

***ഗംഗ സുരേഷ്***



# കറങ്ങി

കറങ്ങി തിരിഞ്ഞ് നടന്ന്....
ഞാനും നീയും ഒന്ന് പാറി പറന്ന്
എന്നുടെ കൂടെ നടന്ന് നീയൊരു---
അയി യായി യായി

പാറിപ്പാറി പറന്നു നടന്നു
കിളി പോയി നടന്ന്
നടന്ന് നിങ്ങിപോയി
പോയിപോയി പൊ പോയി
അയി യായി യായി യായി.....
............................................

***ജോയൽ ബെന്നി***




# സൂര്യോദയം

ഹാ വിശാലമായ പാടം കാറ്റിനെപോലും
ലജ്ജിപ്പിച്ചു അരുമയായി ഒഴുകുന്ന നദി
നിശബ്ദതയുടെ അതിർവരമ്പുകൾ ലംഘിച്ച്
തന്റെ ഭക്ഷണത്തിനായി കൂട്ടുവിട്ട്
ആകാശത്തിന്റെ ഭ്രഗോളങ്ങളിലേക്ക്
പറന്ന് ഉയരുന്ന പക്ഷികൾ
അവ എത്ര സന്തോഷവദികളാണ്
മരച്ചില്ലകൾ ശാന്തമാണ്
ആ ശാന്തതയുടെയിടയിൽ മന്ദഹാസം
തൂകിക്കൊണ്ട് തന്റെ കിരണങ്ങളെ
ലോകമെമ്പാടും വ്യാപിപ്പിച്ച്
പ്രൗഢിയോടെ ഉയരുകയാണ് സൂര്യൻ

-----

ആഞ്ചലീന ബെന്നി



# ഹരിതം

മഴയിൽ നിന്നും വിടരും ഹരിത വർണമാണ്.
നിൻ ഹരിതം കൊണ്ട് ഭൂമിയെ
കുളിരണിയിക്കുന്ന നിൻ മൃദുവാം
കൈകൾ കൊണ്ട് പ്രകൃതിയെ സജീകരിക്കും
നീ ഭൂമിയെ  സ്വർഗമാക്കി നിന്റെ കഴിവുകളാൽ
മരങ്ങളിലും ചെടികളിലും കുടിയിരിക്കുന്ന നിൻ സൗന്ദര്യം
എങ്കിലും വേനലിൽ നീ എവിടെ പോയി ഒളിക്കുന്നു..

.................

*സായി കൃഷ്ണ*

# ദുരിതപെയ്ത്ത്



കാടും മലയും തേടി
തോടും പുഴകളും തേടി
വന്നെത്തിടുമെൻ നാടിൻ ദുരന്തം
എൻ പ്രകൃതിയെ നശിപ്പിച്ചിടുവാനാ
വീടും പുറവും നിറഞ്ഞൊഴുകി
ആ മഹാദുരിതത്തിൽ

പുഷ്പിച്ചുനിൽക്കുന്ന പൂക്കളും
താൻ വളരുന്ന ചില്ലകളിലെ
ആമൊട്ടുകൾ വിരിയും മുമ്പെ
അവയ്ക്ക് സുന്ദരപ്രകൃതിയെയൊന്നു
കാണാൻ കഴിയാതെ പേയല്ലോ
എൻ ദൈവമെ......

അഞ്ചലി കൃഷ്ണ

# അസ്തമയം



പകലിനെ ഒളിപ്പിക്കാൻ തിടുക്കപ്പെട്ടുന്നൊരാ
ഇരവിൻ വിസ്മയം ഞാനറിഞ്ഞു
കാറ്റിൻ മൃദുലതയും കിളികൾതൻ നാദവും
പതിയെ എൻ കാതിനെ തഴുകിയപ്പോൾ
അന്നുഞാനാദ്യമായി തിരിച്ചറിഞ്ഞു
ചെമ്മഞ്ഞ പട്ടുടുത്ത
നിറമുള്ള സന്ധ്യയെ

----

***ആഞ്ചല റോസ്***

# അമ്മ



പകലിനെ ഇരവിനെ തഴുകി ഉണർത്തും
സ്നേഹത്തിടമ്പാണമ്മ
അമ്മിഞ്ഞപാലിൻ സ്നേഹം കൊരുത്ത്
നൽകിയ കാരുണ്യം അമ്മ
അജ്ഞതയാകുന്ന ഇരുളിൽ അറിവിന്റെ
വെളിച്ചം നിറയ്ക്കുന്നു അമ്മ
...................

*അസിൻ മരിയ*



# വസന്തകാലം

വസന്തകാലമേ വന്നുവോ നീ
ഒരു നൂറു പ്രകൃതി സൗന്ദര്യങ്ങളായി
എത്ര നാളായി ഞാൻ കാത്തിരിക്കുന്നു
നിന്റെയീ വരവൊന്നു കണ്ടീടുവാൻ

എത്ര പഴങ്ങൾ നീ തന്നു എനി-
ക്കെത്ര രുചിച്ചാലും മതിവരില്ല
പക്ഷികൾക്കൊക്കെ ആഹ്ളാദമായി
നിൻെയീ തണലത്തൊന്നൊത്തു ചേരാൻ

ഒരുനൂറോർമകൾ തന്നെനിക്കു നീ-
ഞാനെങ്ങനെ മറന്നീടും ഈ വസന്തകാലം

---------

ദിയ എം ടി

# സന്താനഗോപാലം



സന്താനഗോപാലം പാടി

ജ്ഞാനാനന്തലഹരിയിൽ മുഴുകി.....

സരയു നദിയുടെ തീരത്ത്

സംഗീത സ്വരങ്ങൾ കേട്ടു....

വിരഹഗാനത്തിനലയൊളികൾ

ഓളങ്ങളാകെ ഏറ്റുപാടി.....

ലക്ഷ്മി കൃഷ്ണ

# താരകം



മിന്നിതിളങ്ങുന്ന താരകമേ,
മുറ്റത്തു മുല്ല വിരിഞ്ഞതു പോൽ
ചിന്നി ചിതറി കിടക്കുന്നു നീ
കണ്ണിറുക്കി ചിരിക്കുന്നുവോ
കാതിറുക്കി കേൾക്കുന്നുവോ നീ....
ഈ ഭൂമിതൻ ഗദ്ഗദം
ആരു നിനക്കീ നിറമേകി
ആരുതന്നു ഈ ചാരുതയും
താഴത്തു എൻ വീട്ടിൽ വന്നിടാമോ
എൻ ചാരെയൊന്നണഞ്ഞീടുമോ
ഞാനൊരു താരാട്ടു പാടിടാം നീ
*കുഞ്ഞിക്കണ്ണുകൾ  ചിമ്മിയുറങ്ങീടും....*

*ഏഞ്ചൽ മേരി ഷിജു*

# രാവിന്റെ ഭംഗി



രാത്രിയുടെ യാമങ്ങൾ കഴിഞ്ഞു
പുത്തൻ ഉണർവിന്റെ രാവുണർന്നു
ചന്ദ്രൻ മിഴി തുറന്നു
പൂനിലാവ് പെയ്തിറങ്ങി
മഞ്ഞിന്റെ കണികകൾ ഇറ്റിറ്റുവിണു
തണുപ്പിന്റെ രാവുണർന്നു
കിളികളുടെ കൊഞ്ചലുകൾ പ്രർത്ഥനഗിതങ്ങൾ കേട്ടുണർന്നു
നല്ലൊരു ദിനം നമ്മളിലേക്ക് പെയ്തിറങ്ങി....

***ഡെൽന മരിയ സജി***



# വേനലിൽ ഒരു മഴ

കാർമേഘപാളികൾ തൊട്ടുരുമ്മി
ഒരു ഇടിനാദം എൻ കാതിൽ പതിഞ്ഞു
മേഘങ്ങൾക്കിടയിലൂടൊരു-
തുള്ളി മഴ വെള്ളം
മരച്ചില്ലകളെ  തഴുകി തലോടി
താളിലയിൽ നൃത്തം ചെയ്ത്
ഭൂമിതൻ മാറിൽ പതിഞ്ഞ നേരം
അമ്മതൻ  മുലപ്പാൽ  നുകർന്ന്
പുഞ്ചിരി  തൂവുന്ന  കുരുന്ന്
................

**ദർശൻ എസ് നായർ**



# സൗഹൃദം

എൻ കൂടെ  നിഴലുപോൽ  ഉണ്ടാകുമെന്നും

എൻമനം  സനേഹത്താൽ നിറഞ്ഞൊഴുകുന്നു

എൻമനം  നൊന്താൽ  ആശ്വാസമാണ്  നീ

എൻ  സന്തോഷവേളയിൽ പുഞ്ചിരിയും

എൻ മനസാം കൊട്ടാരത്തിൽ നീ റാണി

എൻ കണ്ണാടിയാണു നീ

എൻ ഉണർവാണു നീ

***ഷദ ഷെറിൻ***



കുട്ടികളുടെ ലോകം കുട്ടികൾ ശ്രുഷ്ടിക്കട്ടെ,

അറിവിന്റെ ആഴങ്ങളിലൂടെ ......അനുഭവത്തിന്റെ പാഠങ്ങളിലൂടെ

അവരുടെ ചിന്തയും ഭാവനയും പെയ്തിറങ്ങി ചെറുനാമ്പുകളായി ഉയിർ കൊണ്ട്

പൂക്കളായ് കായ്കളായ് കനികളായ് തീരട്ടെ................”